**കേരള കലാമണ്ഡലം കല്പിത സർവകലാശാല**

വള്ളത്തോൾ നഗർ

**എംഫിൽ, പി.എച്ച്ഡി (ഇന്റഗ്രേറ്റഡ്), ഡയറക്റ്റ് പി.എച്ച്ഡി, കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള വിജ്ഞാപനം**

കെ.കെ.എം.ഡി.യു/ഇ/2327/2017 തീയതി : 04/12/2017

കേരള കലാമണ്ഡലത്തിൽ 2017-18 അധ്യയനവർഷത്തിലെ ഗവേഷണ കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു.

**A). Integrated M.Phil / Ph.D (Performing Arts)**

1. Dance
2. Kathakali
3. Kutiyattam
4. Thullal
5. Music (Vocal & Instrumental)
6. Vadyam
7. Comparative Studies

**B). Integrated M.Phil / Ph.D (Cultural Studies)**

1. Literary Studies
2. Aesthetics
3. Comparative Studies
4. Folkloristics
5. Kerala Culture
6. Fine Arts

**A). Direct Ph.D (Performing Arts)**

1. Dance
2. Kathakali
3. Kutiyattam
4. Thullal
5. Music (Vocal & Instrumental)
6. Vadyam
7. Comparative Studies

**B). Direct Ph.D (Cultural Studies)**

1. Literary Studies
2. Aesthetics
3. Comparative Studies
4. Folkloristics
5. Kerala Culture
6. Fine Arts

കേരള കലാമണ്ഡലം കല്പിതസർവകലാശാലയിൽ നിന്ന് എം.എയ്ക്ക് ബന്ധപ്പെട്ട വിഷയങ്ങളിലോ അനുബന്ധ വിഷയങ്ങളിലോ 55% മാർക്കും അല്ലെങ്കിൽ UGC 7 ഗ്രേഡ് പോയിന്റ് സ്കെയിലിലുള്ള കേരള കലാമണ്ഡലത്തിൽ നിന്നും CBCSS Programme-അനുസരിച്ചുള്ള ബി ഗ്രേഡ് നേടിയവർക്കും, സർവകലാശാല അംഗീകരിച്ച, ഇന്ത്യയിലേയോ, വിദേശത്തേയോ ഇതര സർവകലാശാലകളിൽ നിന്നും തത്തുല്ല്യയോഗ്യത നേടിയവർക്കും അപേക്ഷിക്കാം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 50% അല്ലെങ്കിൽ കലാമണ്ഡലം CBCSS Programme-ൽ സി+ ഗ്രേഡ് മതിയാകും. യോഗ്യതാപരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം, എന്നാൽ അഭിമുഖത്തിന് എത്തുമ്പോൾ അസ്സൽ മാർക്ക് ലിസ്റ്റുകളും, സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്. പ്രവേശന പരീക്ഷയുടേയും അഭിമുഖത്തിന്റേയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. പ്രവേശന പരീക്ഷയുടെ വിഷയം 'ഗവേഷണ അഭിരുചിയും രീതി ശാസ്ത്രവും' ആയിരിക്കും. യു.ജി.സി - നെറ്റ് /ജെ.ആർ.എഫ് യോഗ്യതയുള്ളവർ പ്രവേശന പരീക്ഷ എഴുതേണ്ടതില്ല. മറ്റുള്ളവർ പ്രവേശന പരീക്ഷ എഴുതുന്നതിന് മുമ്പ് ഫീസായ 500 രൂപ അടയ്ക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് പരീക്ഷാ ഫീസിൽ ഇളവ് ഉണ്ടായിരിക്കുന്നതല്ല. ഈ ഫീസ് പരീക്ഷയുടെ 5 ദിവസം മുമ്പ് ഓഫീസിൽ നേരിട്ട് അടയ്ക്കേണ്ടതാണ്. ഇന്റഗ്രേറ്റഡ് എം.ഫിൽ./പി.എച്ച്ഡി. കോഴ്സിന് പരമാവധി പ്രായപരിധി 35 വയസ്സാണ്. ഡയറക്ട് പി.എച്ച്.ഡി യ്ക്ക് പ്രായപരിധി ബാധകമല്ല. പ്രവേശന പരീക്ഷ **2018 ജനുവരി 3**-ാം തീയതി രാവിലെ 11 മണിയ്ക്ക് കലാമണ്ഡലത്തിലെ പുതിയ ക്യാമ്പസ്സിൽ വെച്ച് നടത്തുന്നതാണ്. 50 മാർക്കിന് 2 മണിക്കൂർ ദൈർഘ്യമുള്ളതായിരിക്കും പരീക്ഷ. ഇന്റഗ്രേറ്റഡ് എം.ഫിൽ./ പി.എച്ച്ഡി. കോഴ്സിന് 8 സീറ്റും, ഡയറക്ട് പി.എച്ച്ഡി കോഴ്സിന് 10 സീറ്റുകളുമാണ് ഉള്ളത്. സർവകലാശാല അംഗീകരിച്ചിട്ടുള്ള സംവരണ തത്വം പാലിക്കുന്നതാണ്. കലാമണ്ഡലം അംഗീകരിച്ചിട്ടുള്ള റിസർച്ച് ഗൈഡിന്റെ കീഴിലായിരിക്കണം ഗവേഷണം നടത്തേണ്ടത്. ഡയറക്ട് പി.എച്ച്. ഡിയ്ക്ക് അപേക്ഷിക്കുന്നവർ ഗവേഷണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രബന്ധത്തിന്റെ സിനോപ്സിസ് 8 പകർപ്പ് (കുറഞ്ഞത് 8 പേജ്) ഡി.ടി.പി. ചെയ്ത് ഗൈഡിന്റെ അംഗീകാരത്തോടുകൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. വിശദാംശങ്ങൾ **www.kalamandalam.org** എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

അപേക്ഷയും വിശദവിവരങ്ങളടങ്ങിയ റൂൾസ് & റെഗുലേഷൻസും, പരീക്ഷാ ഫോറവും കലാമണ്ഡലം വെബ്സൈറ്റിൽ നിന്ന് **(www.kalamandalam.org) 2017 ഡിസംബർ 4** മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം പ്രവേശന പരീക്ഷയുടെ അപേക്ഷാ ഫോറവും കൂടി പൂരിപ്പിച്ച് നല്കേണ്ടതാണ്. തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ എസ്.ബി.ഐ. ശാഖയിൽ **രജിസ്ട്രാർ, കേരള കലാമണ്ഡലം** എന്ന പേരിലുള്ള **30238237798** അക്കൗണ്ട് നമ്പറിലേക്ക് **(IFSC Code SBIN0008029)** ഗവേഷണ അപേക്ഷയ്ക്ക് 700/- രൂപയും ഗവേഷണപ്രവേശന പരീക്ഷ അപേക്ഷയ്ക്ക് 100/- രൂപയും അടച്ച കൗണ്ടർ ഫോയിൽ **(account pay-in slip)**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. എസ്. സി/എസ്.ടി വിഭാഗക്കാർക്ക് 350/- രൂപയും ഗവേഷണപ്രവേശന പരീക്ഷ അപേക്ഷയ്ക്ക് 100/- രൂപയും അടച്ചാൽ മതിയാകുന്നതാണ്. കൗണ്ടർ ഫോയിലിൽ അപേക്ഷകന്റെ പേര് ചേർത്തിരിക്കണം. കൗണ്ടർഫോയിൽ സമർപ്പിക്കാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല. പൂരിപ്പിച്ച അപേക്ഷകൾ വയസ്സ്, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടേയും മാർക്ക് ലിസ്റ്റുകളുടേയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളോടുകൂടി **രജിസ്ട്രാർ, കേരള കലാമണ്ഡലം, വള്ളത്തോൾനഗർ, തൃശ്ശൂർ-679531** എന്ന വിലാസത്തിൽ **2017 ഡിസംബർ 18-ാം** തീയതി **5 മണിയ്ക്ക്** മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്. [ പ്രവേശനപരീക്ഷ ഫലപ്രഖ്യാപനം :**2018 ജനുവരി 8**, അഭിമുഖ പരീക്ഷ: **2018 ജനുവരി 12**, റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരണം : **2018 ജനുവരി 15**, പ്രവേശന തിയതി : **2018 ജനുവരി 17** ]

Sd/-

**രജിസ്ട്രാർ**

**കേരള കലാമണ്ഡലം**